**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1931 07.12.2015 ൽ മറുപടിക്ക്.**

**ഫെസിലിറ്റേഷൻ സെന്ററുകൾ**

| | **ചോദ്യം**<br>ശ്രീ.പി.രാമകൃഷ്ണൻ | | **മറുപടി**<br>ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാനത്തെ വ്യാപാരികൾക്ക് തങ്ങളുടെ ചരക്ക് നീക്കം സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുന്നതിനായി വാണിജ്യനികുതി വകുപ്പിന്റെ കീഴിൽ ഫെസിലിറ്റേഷൻ സെൻററുകൾ ആരംഭിക്കണമെന്ന് 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ ; എങ്കിൽ ഇവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | എ) | ഫെസിലിറ്റേഷൻ സെൻററുകൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്താകെ ഇത്തരം എത്ര ഫെസിലിറ്റേഷൻ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാം ; വ്യക്തമാക്കാമോ ; | ബി) | വെല്ലിംഗ്ടൺ ഐലന്റ്, വല്ലാർപാടം എന്നിവിടങ്ങളിലായി രണ്ട് ഫെസിലിറ്റേഷൻ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. |
| സി) | ഓരോ സെന്ററിലും ഇതുവരെ എത്ര വ്യാപാരികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ | സി) | പ്രസ്തുത കേന്ദ്രങ്ങൾ വഴി രജിസ്ട്രേഷൻ നൽകാൻ അനുമതിയില്ല. |
| ഡി) | ഈ സെന്ററുകളുടെ പ്രവർത്തനം മൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി തിട്ടപ്പെടുത്തുന്നതിനും നികുതി ചോർച്ച തടയുന്നതിനും കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | ഡി) | ഈ കേന്ദ്രങ്ങൾ വഴി കപ്പലിൽ വരുന്ന ഇറക്കുമതി, കയറ്റുമതി ചരക്കു നീക്കങ്ങൾ വ്യാപാരികൾക്ക് സ്വയം പ്രഖ്യാപിക്കുവാനും മുൻകൂർ നികുതി ബാധ്യത വരുന്ന ചരക്കുകൾ ടാക്സ് അടച്ചതിന് അംഗീകാരം കിട്ടുവാനും ട്രാൻസിറ്റ് പാസ്സുകൾ നൽകുവാനും തിരികെ സമർപ്പിക്കുവാനും പ്രയോജനപ്പെടുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**